"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിലെ വേങ്ങേരി, കണ്ണാടിക്കൽ സ്വദേശി അർജ്ജുന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്**

സ.ഉ.(സാധാ) നം.2409/2024/RD തീയതി,തിരുവനന്തപുരം,05-10-2024

---

പരാമർശം:- 4.10.2024-ലെ സ.ഉ(കൈ)നം.10/2024/ഡിഎംഡി-നമ്പർ ഉത്തരവ്

**ഉത്തരവ്**

കർണാടകയിലെ ഷിരൂരിൽ 2024 ജൂലൈ 16-ന് വൻതോതിൽ ഉണ്ടായ മണ്ണിടിച്ചിലിൽ അകപ്പെട്ട മരണപ്പെട്ട കോഴിക്കോട്, വേങ്ങേരി, കണ്ണാടിക്കൽ സ്വദേശി അർജ്ജുന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏഴ് ലക്ഷം രൂപ നൽകുന്നതിന് അനുമതി നൽകി, മേൽ പരാമർശ പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കർണാടകയിലെ ഷിരൂരിൽ 2024 ജൂലൈ 16-ന് വൻതോതിൽ ഉണ്ടായ മണ്ണിടിച്ചിലിൽ അകപ്പെട്ട മരണപ്പെട്ട കോഴിക്കോട്, വേങ്ങേരി, കണ്ണാടിക്കൽ സ്വദേശി അർജ്ജുന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിതരണത്തിനാവശ്യമായ വരുന്ന 7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതാണ്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടി സർക്കാരിൽ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി,
തിരുവനന്തപുരം
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (03.10.2024-ലെ ഇനം നമ്പർ 2437 OA)
ദുരന്തനിവാരണ (എ) വകുപ്പ്
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പുകൾ)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
V D Omana
സെക്ഷൻ ഓഫീസർ
Date: 05-10-2024 18:28:58